പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2547 **28-10-2026-ൽ മറുപടിയ്ക്ക്**

മരാമത്ത് പ്രവൃത്തികളിൽ ഭരണാനുമതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികവർഗ്ഗ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിന് ശേഷം വീണ്ടും വർക്ക് ഓർഡർ നൽകിക്കൊണ്ടുള്ള പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് ലഭിക്കുന്നതിലെ കാലതാമസം പദ്ധതി നടത്തിപ്പിന് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ഉത്തരവ് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും അവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക്, ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി, ആവശ്യമായ അനുമതി ഉത്തരവ് അടിയന്തരമായി ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്കും നിർവഹണ ഏജൻസികൾക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അനുമതി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും അവ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കും നിർദ്ദേശം നൽകുന്നുമുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ നിർവഹണത്തിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾക്കും നിലവിലുള്ള വ്യവസ്ഥകൾക്കും അനുസൃതമായി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വകുപ്പ് ആവശ്യമായ നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ